# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1701 10.03.2020-ൽ മറുപടിയ്ക്ക്

## പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | മടങ്ങി വരുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി പ്രകാരം 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര പ്രവാസികൾക്ക് ബാങ്കുകൾ മുഖേന സാമ്പത്തിക ആനുകൂല്യം നൽകിയെന്ന് വെളിപ്പെടുത്തുമോ; | എ) | പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി പ്രകാരം 2017-18, 2018-19, 2019-20 വർഷങ്ങളിൽ സാമ്പത്തിക ആനുകൂല്യം നൽകിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.<br><br>സാമ്പത്തിക വർഷം – ഗുണഭോക്താക്കൾ<br>2017-18 – 413<br>2018-19 – 791<br>2019-20 ജനുവരി 31 വരെ – 956<br>ആകെ – 2160<br><br>2019-20 ജനുവരി 31 വരെ ആകെ 956 പേർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ അനുവദിച്ചിട്ടുണ്ട്. അതിൽ 526 പേർക്കുള്ള സബ്സിഡി വിതരണം ചെയ്തു കഴിഞ്ഞു. ശേഷിക്കുന്ന 430 പേർക്കുള്ള സബ്സിഡി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | മേൽസൂചിപ്പിച്ച ഓരോ സാമ്പത്തികവർഷവും ഇതിലേക്കായി മാർജിൻമണിയായും പലിശ സബ്സിഡിയായും നോർക്ക എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | വായ്പാ പദ്ധതിയുടെ മാർജിൻമണി നിശ്ചയിക്കുന്നത് അതത് ധനകാര്യ സ്ഥാപനങ്ങളിലെ നിലവിലുള്ള നിരക്കുകൾക്കനുസരിച്ചാണ്. മൂലധന സബ്സിഡിയും പലിശ സബ്സിഡിയുമാണ് നോർക്ക അനുവദിച്ചു നൽകുന്നത്.<br><br>സാമ്പത്തിക വർഷം – അനുവദിച്ച സബ്സിഡി തുക<br>2017-18 – 44,00,000 രൂപ<br>2018-19 – 2,23,96,916 രൂപ<br>2019-20 – 1,33,52,581 രൂപ<br>ആകെ – 4,01,49,497 രൂപ |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | സി) | പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്ക്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക-റൂട്ട്സ്, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം എല്ലാ ജില്ലകളിലും എല്ലാ മാസവും നൽകി വരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാ ലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്.<br>ഇവയ്ക്കു പുറമേ അനായാസ രീതിയിൽ ഒറ്റ ദിവസം കൊണ്ട് അപേക്ഷകർക്ക് ലോൺ ലഭ്യമാകുന്ന ക്യാമ്പ് മോഡൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം ഇതു വരെ 7 ഫീൽഡ് ക്യാമ്പ് നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഈ പദ്ധതി കൂടുതൽ വിപുലവും ഊർജിതവുമാക്കി പദ്ധതിയുടെ ഗുണഫലം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം പ്രസ്തുത സ്കീമിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും, കേരള ബാങ്കിനെ കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>ഇത് കൂടാതെ പദ്ധതിചെലവിന്റെ പരിധി 20 ലക്ഷത്തിൽ നിന്നും 30 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ മൂലധന സബ്സിഡി പരമാവധി 3 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**